# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1622.

31-01-2018 ൽ മറുപടിയ്ക്ക്

## നെൽവയലുകളുടെ വിസ്തൃതി

**ചോദ്യം**
ശ്രീ.ഇ.പി.ജയരാജൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2010-ൽ സംസ്ഥാനത്തെ നെൽവയൽ വിസ്തൃതി എത്രയായിരുന്നു എന്നറിയിക്കാമോ; | (എ) | ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുപ്രകാരം 2010-11 വർഷത്തിൽ 213187 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നു. |
| (ബി) | 2017-ൽ സംസ്ഥാനത്തെ നെൽവയൽ വിസ്തൃതി എത്രയാണ്; | (ബി) | ഇതുവരെ 168554 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു കഴിഞ്ഞു. പുഞ്ചകൃഷി കൂടി പൂർണ്ണമാകുമ്പോൾ 2.2 ലക്ഷം ഹെക്ടർ ആകുമെന്നാണ് ജില്ലകളിൽ നിന്നുള്ള കണക്കുകളിൽ നിന്നും പ്രതീക്ഷിക്കുന്നത്. |
| (സി) | 2016-17 ൽ നെൽകൃഷി പ്രോത്സാഹനത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ സുസ്ഥിര കൃഷി വികസനത്തിന് 2576.86 ലക്ഷം രൂപയും, കരനെൽകൃഷിയ്ക്ക് 341.939 ലക്ഷം രൂപയും, തരിശുനില കൃഷിയ്ക്ക് 688.002 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിന് 88.8572 ലക്ഷം രൂപയും, നെൽകൃഷി വികസന ഏജൻസികൾക്ക് 32.439 ലക്ഷം രൂപയും, പാടശേഖര സമിതികൾക്ക് 457.445 ലക്ഷം രൂപയും, ഒരുപ്പൂ കൃഷി ഇരു പ്പൂ ആക്കുന്നതിന് 8.8452 ലക്ഷം രൂപയും, ആറന്മുള നെൽകൃഷി വികസനത്തിന് 87.2285 ലക്ഷം രൂപയും, നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിന് 50 ലക്ഷം രൂപയും ചേർന്ന് 4331.6 ലക്ഷം രൂപ 2401-00-102-90 പ്ലാൻ ശീർഷകത്തിൽ നിന്നും നെൽകൃഷി ഉല്പാദന ബോണസ്സായി 1239.26 ലക്ഷം രൂപ നോൺ-പ്ലാൻ ശീർഷകത്തിലും നെൽകൃഷി പ്രോത്സാഹനത്തിനു വേണ്ടി ചെലവഴിച്ചു. |
| (ഡി) | 2017-18-ൽ നെൽകൃഷി പ്രോത്സാഹനത്തിനായി എത്ര തുക നീക്കിവയ്ക്കുകയുണ്ടായെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ? | (ഡി) | 2017-18 സാമ്പത്തിക വർഷത്തിൽ 7,000 ലക്ഷം രൂപ നെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്. 2017 ഡിസംബർ വരെ 2535.78 ലക്ഷം രൂപ ചെലവഴിച്ചു. ഉല്പാദന ബോണസ്സായി പദ്ധതിയിതര ഇനത്തിൽ 1364.5 ലക്ഷം രൂപ വകയിരുത്തിയതിൽ 2017 ഡിസംബർ വരെ 32.87992 ലക്ഷം രൂപ ചെലവഴിച്ചു. |

**സെക്ഷൻ ഓഫീസർ**